ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഈ പർട്ടിക്കുലർ ഇഷ്യൂവിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വച്ചിരിക്കുകയാണോ എന്നാണ് ഞാൻ ചോദിക്കുന്നത്. അല്ലല്ലോ? ഞാൻ പറഞ്ഞത് ഈ പർട്ടിക്കുലർ ഇഷ്യൂവിനെ സംബന്ധിച്ച് പരിശോധന നടത്താൻ ഒരു കമ്മിറ്റിയെവച്ച്.....

ശ്രീ. ഉമ്മൻചാണ്ടി: അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ആരെങ്കിലും പറയുന്നത് കേട്ട് ഇവിടെ കാര്യങ്ങൾ കൊണ്ടുവന്നാൽ ഇതുപോലെയുള്ള കുഴപ്പങ്ങൾ വരും. ഇത് ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഇന്ന് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.....(ബഹളം).....

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ ഉന്നയിച്ച വിഷയം ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. അടൂർ പ്രകാശ്: ഇവിടെ ഉന്നയിച്ച വിഷയങ്ങളടക്കം ഉള്ള കാര്യങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതൊന്നും ഒഴിവാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഞാൻ മറുപടി പറയുന്ന ദിവസം വരെയുള്ള വിഷയങ്ങളെക്കുറിച്ച് അന്വേഷണം നടത്താനാണ് തീരുമാനമെടുത്തിട്ടുള്ളത്.

V. ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്താത്തതുകൊണ്ടും പുതിയ ആശുപത്രികൾ ആരംഭിക്കാത്തതുമൂലവും രോഗികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ നാഥനില്ലാത്ത ചിത്രമാണ് എനിക്ക് ഇവിടെ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സർക്കാരിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ എണ്ണായിരത്തോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ശുചീകരണജോലികൾ ചെയ്യുന്നവർ മുതൽ ഡോക്ടർമാർ വരെയുള്ളവർ ഇതിൽപ്പെടും. കേരളത്തിലെ സർക്കാർ ആശുപത്രികൾ ഫലത്തിൽ നാഥനില്ലാക്കളരിയാണ്. ആരോഗ്യ സേവന രംഗത്തുനിന്ന് സർക്കാർ പിൻമാറുന്നതിന്റെ ഒരു സൂചനയാണിത്. ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്ററുടെ കാലത്തെങ്കിലും ഇത് മെച്ചപ്പെടുത്തണമെന്നുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. ആരോഗ്യരംഗത്ത് സർക്കാർ വിഹിതം കുറഞ്ഞുവരികയാണ്. അതുപോലെ ആശുപത്രികളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്താനോ അറ്റകുറ്റപ്പണികൾ നടത്താനോ ഇപ്പോൾ കഴിയുന്നില്ല. എം.പി. ഫണ്ട്, എം. എൽ. എ. ഫണ്ട്, ലോക്കൽ ബോഡീസ് പദ്ധതിവിഹിതമായി നൽകുന്ന തുക എന്നിവ മാത്രമാണ് ഇപ്പോൾ ആശുപത്രികളുടെ വികസനത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ വിനിയോഗിക്കാൻ കഴിയുന്നത്. തിരുവനന്തപുരം 1078, ആലപ്പുഴ 702, കൊല്ലം 444, എറണാകുളം 551, പാലക്കാട് 593, കോഴിക്കോട് 494, പത്തനംതിട്ട 280, ഇടുക്കി 271, തൃശ്ശൂർ 416, മലപ്പുറം 338, വയനാട് 89, കണ്ണൂർ 494, കാസർഗോഡ് 432, കോട്ടയം 703 എന്നിങ്ങനെയാണ് ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം. കേരള ചരിത്രത്തിൽ ഇത്രയും കൂടുതൽ തസ്തികകൾ ഒഴിഞ്ഞുകിടന്നിരുന്ന മറ്റൊരു കാലമുണ്ടായിരുന്നില്ല. അസിസ്റ്റന്റ് സർജന്റെ 425 തസ്തികകളും നഴ്സിന്റെ 610 തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. നഴ്സിംഗ് അസിസ്റ്റന്റ് 950, ജെ.പി.എച്ച്.എൻ. 652, ലെപ്രസി ഇൻസ്പെക്ടർ 354, അറ്റൻഡർ 150 തുടങ്ങിയ ഒഴിവുകളുമുണ്ട്. ആരോഗ്യ മേഖലയിലെ മിക്കവാറും ആശുപത്രികളുടെ പ്രവർത്തനങ്ങളെല്ലാംതന്നെ സ്തംഭിപ്പിക്കുംവിധത്തിലാണ് ജീവനക്കാരുടെ അഭാവം. ഇപ്പോൾ 1960-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് തസ്തികയുള്ളത്. അതുതന്നെ പൂർണ്ണമായും ഇല്ലാതിരുന്നാലുണ്ടാകുന്ന സ്ഥിതി വിവരണാതീതമാണ്. 1960-നുശേഷം മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ രോഗികളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 1960-നുശേഷം ഇതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം കൂടിയിട്ടില്ല. ജീവനക്കാർ ഇല്ലാത്തതിന്റെ ഫലമായി സർക്കാർ ആശുപത്രികൾ പലതും പ്രവർത്തനരഹിതമായി മാറുകയാണ്. ഒ.പി.യിൽ രോഗികൾ വരുന്നതിന്റെ എണ്ണവും സമീപകാലത്ത് കുറഞ്ഞുവരികയാണ്. നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ എന്നീ താഴെക്കിടയിലുള്ള തസ്തികകളിൽ മാത്രം അയ്യായിരത്തോളം ഒഴിവുകളുണ്ട്. അറ്റൻഡർമാർ ഇല്ലാത്തതുകൊണ്ട് ചില ആശുപത്രികളുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ എണ്ണം ഒഴിച്ചിടുന്നതിലൂടെ സർക്കാർ പൊതുജനാരോഗ്യരംഗംതന്നെ തകർക്കുന്ന നിലയാണ് കാണുന്നത്. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് ജനങ്ങളുടെ പ്രാദേശിക പ്രക്ഷോഭംകൂടി കണക്കിലെടുത്തുകൊണ്ട് എംപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ കണ്ണൂർ ഡി. എം. ഒ. ചട്ടപ്രകാരം ചില നടപടി സ്വീകരിച്ചു. പക്ഷേ സർക്കാർ അതിൽ ഇടപെട്ടതിന്റെ ഫലമായി അവിടെയും പ്രതിസന്ധിയാണ്. ഇപ്പോൾ ഡി. എം. ഒ. ലീവിൽപ്പോയിരിക്കുകയാണ്. തിരുവനന്തപുരം ഡി. എം. ഒ. നിയമാനുസൃതമായ ചില പ്രവർത്തനങ്ങൾ നടത്താൻ തുടങ്ങിയപ്പോൾ അവിടെയും സർക്കാരിന്റെ ഇടപെടൽ വന്നു. അതിന്റെ ഫലമായി ഇവിടെയും പ്രതിസന്ധിയാണ്. കൃത്യമായി ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുന്നില്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ട് അപ്രത്യക്ഷമാകുന്നു എന്നുള്ളത് പതിവ് വാർത്തയായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഉയർന്ന തസ്തികകളിൽ പ്രൊമോഷൻ കാര്യങ്ങളുൾപ്പെടെയുള്ള തീരുമാനമെടുക്കാൻ കഴിയുന്നില്ല. പത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പൂലയനാർകോട്ട ക്ഷയരോഗ ആശുപത്രിയിൽ യഥാർത്ഥത്തിൽ ആരുമില്ലെന്ന് പറയുന്നതായിരിക്കും വാസ്തവം. അതുപോലെ നഴ്സിംഗ് സൂപ്രണ്ട് ഉൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആരോഗ്യപരിപാലന

രംഗത്ത് ഇൻഡ്യക്കുതന്നെ മാതൃകയാണെന്ന് പ്രശസ്തി നേടിയ ഒരു സംസ്ഥാനമാണ് കേരളം. ജനന നിരക്ക്, മരണ നിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ആയുർദൈർഘ്യം എന്നിവയ്ക്കൊപ്പം പ്രതിരോധ കുത്തിവയ്പ്, പകർച്ചവ്യാധികളുടെ നിയന്ത്രണം എന്നീ മേഖലകളിലും മെച്ചപ്പെട്ട നിലവാരം കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ ഇപ്പോൾ ആരോഗ്യ മേഖലയിൽ ഗൗരവമായ ചില പ്രശ്നങ്ങളാണ് കാണുന്നത്. ഉയർന്ന രോഗാതുരത, ആരോഗ്യപരിപാലന പശ്ചാത്തല സൗകര്യങ്ങളുടെ മോശപ്പെട്ട പ്രതികരണം, മലേറിയ, അതിസാരം, ക്ഷയം, ഡെങ്കിപ്പനി എന്നീ രോഗങ്ങളുടെ തിരിച്ചുവരവ്, ചികിത്സാ ചെലവിന്റെ കുത്തനെയുള്ള വർദ്ധനവ് എന്നിവയാണ് നമ്മുടെ സംസ്ഥാനം നേരിടുന്ന മുഖ്യമായ പ്രശ്നങ്ങൾ. അക്കൂട്ടത്തിൽ ഇപ്പോൾ പുതിയതായി മറ്റൊരു പ്രശ്നംകൂടി ഉയർന്നുവരികയാണ്. ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിന്റെ ഫലമായി താഴിട്ടു പൂട്ടിയ ആശുപത്രികളുണ്ട്. 201 ആശുപത്രികളിൽ 1200-ഓളം തസ്തികകൾ അധികം സൃഷ്ടിച്ചു. ഡോക്ടർമാരുടെ 327 തസ്തിക ഉൾപ്പെടെയാണ് അത്. എന്നാൽ അതിൽ മഹാഭൂരിപക്ഷവും ആരോഗ്യവകുപ്പുമന്ത്രിയുടെ നിസ്സഹായാവസ്ഥപോലെ നിസ്സഹായമായ സ്ഥിതിയിലാണ്. ഡോക്ടർഗാരില്ല, അവരെ സഹായിക്കാൻ ജീവനക്കാരില്ല. ഡോക്ടർമാരില്ലെങ്കിൽ സ്റ്റാഫ് നഴ്സുൾപ്പെടെയുള്ള തസ്തികകളിൽ ആളുകളെ നിയമിക്കണ്ട എന്ന നിർദ്ദേശം ഡി. എച്ച്. എസ്. കൊടുത്തു. ഓഡിറ്റ് ഒബ്ജക്ഷൻ വരാൻ ഇടയുണ്ടെന്നാണ് പറഞ്ഞത്. അതിന്റെ ഫലമായി ഡോക്ടർമാരില്ലെങ്കിൽ മറ്റ് ജീവനക്കാരുമില്ല. ഫലത്തിൽ കിടത്തി ചികിത്സിക്കാൻ നാട്ടുകാരും പഞ്ചായത്തും സംഘടന പിരിച്ച് പ്രവർത്തനം ആരംഭിക്കാൻവേണ്ടി മന്ത്രിക്ക് സൗകര്യമുള്ള ദിവസം നിശ്ചയിച്ച് ഉദ്ഘാടനം നടത്തിയ ആശുപത്രികൾപോലും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധത്തിൽ ഗുരുതരാവസ്ഥയിലാണ്. അലോപ്പതിയിൽ 1242-ഉം ആയുർവ്വേദത്തിൽ 655-ഉം ഹോമിയോയിൽ 558-ഉം ഉൾപ്പെടെ സർക്കാർ മേഖലയിൽ 2065 സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഇന്നിപ്പോൾ സഹകാര്യമേഖലയിൽ 12,398 സ്ഥാപനങ്ങളാണ് ഈ മൂന്ന് ചികിത്സാ സമ്പ്രദായങ്ങളിലും കൂടി കേരളത്തിലുള്ളത്. സർക്കാർ മേഖലയിൽ ഇൻപേഷ്യന്റ്സും ഔട്ട്പേഷ്യന്റ്സും കുറയുന്നു. എന്നാൽ സഹകാര്യമേഖലയിലെ ആശുപത്രികളുടെ എണ്ണം കൂടുന്നു. അവിടെ വരുന്ന രോഗികളുടെ എണ്ണവും കൂടുന്നു. ഫലത്തിൽ സർക്കാർ ആശുപത്രികളുടെ കുത്തഴിഞ്ഞ അവസ്ഥ സഹകാര്യമേഖലയിലെ കൊള്ള ചൂഷണത്തിന് നമ്മുടെ നാട്ടിലെ ജനങ്ങൾ ബലിയർപ്പിക്കപ്പെടുന്ന സ്ഥിതിവിശേഷമാണുണ്ടാകുന്നത്. പകർച്ചവ്യാധികളും സാംക്രമികരോഗങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. ഡെങ്കിപ്പനി, എലിപ്പനി, അതിസാരം എന്നീ രോഗങ്ങൾമൂലമുള്ള മരണംപോലും അടുത്തകാലത്തുണ്ടായി. പ്രധാനപ്പെട്ട ഒൻപത് രോഗങ്ങളുടെ വ്യാപനനിരക്ക് വർദ്ധിച്ചുവരികയാണ്. രോഗപ്രതിരോധ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ പാളിപ്പോകുന്നു. ആരോഗ്യവകുപ്പിനെ നോക്കാൻ ആളില്ല എന്നൊരു സ്ഥിതിവിശേഷം ഉയർന്നുവന്നിരിക്കുകയാണ്. ഈയിടെ തിരുവനന്തപുരത്ത് കാലവർഷം ആരംഭിച്ചു. ഒരു ദിവസം 1700 കുട്ടികളാണ് പനിയായി ഒരിടത്ത് എത്തിച്ചേർന്നത്. രാത്രി വളരെ വൈകിയും അവിടെ രോഗികളെ പരിശോധിച്ചുതീർക്കാൻ കഴിഞ്ഞില്ല. ചികിത്സാ ചെലവാണെങ്കിൽ സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തവിധം വർദ്ധിച്ചുവരികയാണ്. സർക്കാർ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരും ജീവനക്കാരും മരുന്നും ചികിത്സാ സൗകര്യങ്ങളും ലഭ്യമാകുന്നില്ലെങ്കിൽ പാവപ്പെട്ടവന് മറ്റ് വഴിയില്ല, മരണം മാത്രമേ വഴിയുള്ളു എന്ന് ബഹുമാനപ്പെട്ട മന്ത്രി കരുതണം. അങ്ങയുടെ നിസ്സഹായാവസ്ഥ ഈ സഭയിൽ വിശദീകരിച്ചതുകൊണ്ട് കാര്യമില്ല. ഇതിന് ഫലപ്രദമായ നടപടി എന്താണ്, എന്താണ് പരിഹാരം? ഇതിന് പരിഹാരമുണ്ടാക്കാനുള്ള ഒരു മന്ത്രിയായി ബഹുമാനപ്പെട്ട മന്ത്രി മാറേണ്ടതുണ്ട്. 1997-98-ൽ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.24 ശതമാനം മാത്രമാണ് ആരോഗ്യമേഖലയിൽ ചെലവഴിച്ചത് എന്ന ആക്ഷേപം ഉയർന്നുവന്നതാണ്. എന്നാൽ അതിൽനിന്ന് ഏറെ മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞില്ലെന്ന് മാത്രമല്ല അവിടെനിന്ന് പുറകോട്ട് പോവുകയാണ്. ഇപ്പോൾ 0.94 ശതമാനം മാത്രമാണ് ആരോഗ്യമേഖലയിൽ നാം ചെലവഴിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 വർഷത്തെ ബഡ്ജറ്റ് പ്രസംഗങ്ങളിലും നയപ്രഖ്യാപന പ്രസംഗങ്ങളിലുമായി 40 ആയുർവ്വേദ ഡിസ്പെൻസറികളും 25 ഹോമിയോ ആശുപത്രികളും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. അതൊന്നും നടപ്പിലാക്കിയിട്ടില്ല. കണ്ണൂർ, തിരുവനന്തപുരം, ആയുർവ്വേദ മെഡിക്കൽ കോളേജുകളും ഹോമിയോ കോളേജും സെന്റർ ഓഫ് എക്സലൻസാക്കി വികസിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. Integrated Diseases Surveillance Programme. പാരാമെഡിക്കൽ കൗൺസിൽ, പ്രകൃതി ചികിത്സാ ആശുപത്രി, ഹാർട്ട് ഫൗണ്ടേഷൻ, ലോകബാങ്ക് സഹായത്തോടുകൂടിയുള്ള ആരോഗ്യ പരിരക്ഷാ പദ്ധതി, മലബാറിലെ ആയുർവ്വേദ പാർക്ക്, അതുപോലെതന്നെ മലബാറിലെ ഐ.വി. ഫ്ളൂയിഡ് നിർമ്മാണ ഫാക്ടറി, 100 കിടക്കകളുള്ള ആശുപത്രികളെ റഫറൽ ആശുപത്രിയായും സ്പെഷ്യലൈസ്ഡ് ആശുപത്രിയായും വികസിപ്പിക്കൽ തുടങ്ങിയ പ്രഖ്യാപനങ്ങൾ നടത്തിയിട്ട് അവയൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് പ്രസംഗങ്ങളിലും അതുപോലെ തന്നെ നയപ്രഖ്യാപന പ്രസംഗങ്ങളിലും ഇങ്ങനെ വാഗ്ദാനങ്ങളുടെ പരമ്പരകളുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നമ്മുടെ സർക്കാർ ആശുപത്രികളെ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. നിശ്ചയദാർഢ്യത്തോടുകൂടി കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ എറ്റവും പ്രധാനപ്പെട്ട തലവനായി, അഡ്മിനിസ്ട്രേറ്ററായി അങ്ങ് ആരോഗ്യവകുപ്പിനെ നയിക്കുമെന്ന് കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നു. അതിനനുസരിച്ച് ഒരു ഭരണനടപടി ഈ മേഖലയിൽ ഉണ്ടാകുന്നില്ലെങ്കിൽ പാവപ്പെട്ടവർക്ക് ചികിത്സ തേടിപ്പോകാൻ ഇനി ആശുപത്രിയില്ലാതെ വരുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ഇന്നലെ ശ്രീ. കെ. സി. ജോസഫ് ഇതുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾത്തന്നെ ആരോഗ്യ വകുപ്പ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഞാൻ വളരെ വിശദമായി പറഞ്ഞതാണ്. അങ്ങ് തന്നിട്ടുള്ള നോട്ടീസും അങ്ങയുടെ പ്രസംഗവും തമ്മിൽ വലിയ അന്തരമുണ്ട്. കുറെ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് എവിടെനിന്നാണ് ഈ കണക്കൊക്കെ കിട്ടിയതെന്ന് എനിക്കറിയില്ല. സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങളിൽ പ്രയോഗികമായോ രേഖാപരമായോ ഉള്ള സ്തംഭനമുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ ജനങ്ങൾക്ക് അഭിപ്രായമില്ല. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നുപറഞ്ഞത് ശരിയാണ്. 1165 ഡോക്ടർമാർക്ക് പി. എസ്. സി. മുഖേന നിയമന ഉത്തരവ് നൽകിയിട്ട് 518 പേർ മാത്രമേ വന്നിട്ടുള്ളൂ. അതിന്റെ വിശദാംശങ്ങൾ ഞാൻ പറഞ്ഞിട്ടുണ്ട്. നിയമന ഉത്തരവ് ലഭിച്ചിട്ടും വിദൂര പ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ തുടങ്ങി പല മേഖലകളിലും സേവനം നടത്താൻ ഡോക്ടർമാർ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ട്. അതിനെ തരണം ചെയ്യാനായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താൻവരെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് പല സ്ഥലങ്ങളിലും നിയമനം നടത്തിയിട്ടുണ്ട്. അതുപോലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും ഹോമിയോപ്പതി-ആയുർവ്വേദ ചികിൽസാ വകുപ്പിന്റെ കീഴിലുമുള്ള സ്ഥാപനങ്ങളിലെ ഒഴിവുകൾ പി. എസ്. സി. മുഖേന നികത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെയല്ലെങ്കിൽ അവിടേയും കരാർ അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്താൻ പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ ഉദ്യോഗാർത്ഥികളെ കിട്ടാൻ പ്രയാസമുണ്ടായാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ആവശ്യമായിട്ടുള്ള വിവിധ തസ്തികകൾ നികത്താനുള്ള നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട് പി. റ്റി. എസ്.-ന്റെ കാര്യത്തിൽ ഗവണ്മെന്റ് ഒരു സ്ഥലത്തും ഇടപെട്ടിട്ടില്ല. 201 കിടക്കകളുള്ള പുതിയ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാനിരുന്നതിൽ നൂറിൽ താഴെയേ തുടങ്ങാൻ കഴിഞ്ഞുള്ളൂ. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഡോക്ടർമാരുടെ അഭാവമാണ്. ആരോഗ്യ വകുപ്പിന്റെ കീഴിൽ പണി പൂർത്തിയായ, പ്രവർത്തനരഹിതമായി കിടന്നിരുന്ന സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി 1200 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പക്ഷേ ഡോക്ടർമാരുടെ അഭാവംമൂലം 201 കേന്ദ്രങ്ങളിൽ ഐ. പി. കേന്ദ്രങ്ങൾ തുറക്കാൻ തീരുമാനിച്ചുവെങ്കിലും 100-ൽ താഴെ മാത്രമേ തുറക്കാൻ കഴിഞ്ഞിട്ടുള്ളൂ. വീണ്ടും ഒരു പ്രൊപ്പോസൽ ഗവണ്മെന്റിന്റെ മുമ്പിലുണ്ട്. 204 സ്ഥാപനങ്ങൾകൂടി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം നേരത്തെതന്നെ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ഗവണ്മെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുകയും പി. എസ്. സി. മുഖേന ആ തസ്തികകൾ നികത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൃപ്പൂണിത്തുറ ആയുർവ്വേദ ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഭാരതീയ ചികിൽസാ വകുപ്പിൽ പുതിയ 10 ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിക്കഴിഞ്ഞിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ കീഴിലുള്ള കായംകുളം, കരുകുളം, കുട്ടനാട്, കാസർകോട്, കളിനാട് എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കാനാവശ്യമായ കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാൽ അവ പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഫാർമസിസ്റ്റ് തസ്തികയിൽ യോഗ്യതയുള്ള അപേക്ഷകർ ഇല്ല. എം. സി. പി. പാസ്സായവർ വേണം. അതുകൊണ്ട് ഈ വകുപ്പിൽ 111 ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ നികത്താൻ സാധിച്ചിട്ടില്ല. രണ്ട് മാസത്തിനകം എം. സി. പി. കോഴ്സ് പാസ്സായവർ പുറത്തുവരും. അതോടുകൂടി ആ തസ്തികകൾ നികത്താൻ കഴിയും. പ്രൊമോഷന്റെ കാര്യം കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നുണ്ട്. ഞാൻ മന്ത്രിയായശേഷം 3300 പേർക്ക് വിവിധ തസ്തികകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്. അർഹതപ്പെട്ട ജീവനക്കാർക്ക് ഒരുതരത്തിലും ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല. എന്തെങ്കിലും നിസ്സാര കാരണങ്ങൾകൊണ്ട് പ്രൊമോഷൻ തടഞ്ഞുവയ്ക്കുന്നത് പാടില്ല എന്നതുതന്നെയാണ് ഗവണ്മെന്റിന്റെ നയം. ഒരിടത്തും ആവശ്യത്തിന് മരുന്നില്ല എന്ന പരാതി ഇല്ല. എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാം. അതിന് അപ്പപ്പോൾ പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും ആവശ്യത്തിന് മരുന്നുണ്ട്. സാമ്പത്തികമായി കഴിവുള്ളവർ സ്വകാര്യ ആശുപത്രിയിൽ പോകും. അതിൽ ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും? ഡോക്ടർമാരുടെ അഭാവം ഉണ്ട്. അത് ഗവൺമെന്റിന്റെ പരിമിതികൾക്ക് അപ്പുറമാണ്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളെപ്പറ്റി ഗവൺമെന്റ് ആലോചിച്ചുവരികയാണ്. എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് നമുക്ക് കൂട്ടായ ഒരു ശ്രമം നടത്താം. അല്ലാതെ ഈ സ്ഥാനത്ത് ആരുവന്നാലും ഗവൺമെന്റിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഇത്രയൊക്കെയേ ചെയ്യാൻ കഴിയൂ. ഡോക്ടർമാരെ അറസ്റ്റ് ചെയ്തുകൊണ്ടു വന്ന് ജോലി ചെയ്യിക്കാൻ പറ്റുമോ? അതുകൊണ്ട് അങ്ങ് പറഞ്ഞ കാര്യങ്ങളൊക്കെ എക്സാജറേറ്റഡാണ്. ആരോഗ്യമേഖലയിൽ ഇപ്പോൾ യാതൊരുവിധ സ്തംഭനവുമില്ല. ജനങ്ങൾക്ക് പൊതുവിൽ അങ്ങനെയൊരു അഭിപ്രായവുമില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്ററിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത് ഒരു ഹെൽപ്ലെസ് മിനിസ്റ്ററെ അല്ല. ഹെൽത്ത് മിനിസ്റ്ററെയാണ്. അങ്ങ് ഹെൽത്ത് മിനിസ്റ്ററാകുക. ഹെൽപ്ലെസ് മിനിസ്റ്ററായി ഈ കാബിനറ്റിൽ അങ്ങ് ഇരിക്കാൻ പാടില്ല. ഹെൽപ്ലെസ് മിനിസ്റ്റർമാരായി വേറെ ചില ആളുകൾ ഉണ്ട്. അവരെപ്പോലെ ആകരുതെന്നാണ് എന്റെ അഭിപ്രായം. സർക്കാർ വിവിധ ബഡ്ജറ്റ് പ്രസംഗങ്ങളിലും നയപ്രഖ്യാപനങ്ങളിലുമായി ആയുർവ്വേദ-അലോപ്പതി ചികിത്സാരീതികളിൽ പുതിയ ഒരുപാട് സ്ഥാപനങ്ങൾ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഹോമിയോ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പെൻസറികൾ, ആയുർവ്വേദ ആശുപത്രികൾ, ആയുർവ്വേദ-ഹോമിയോ കോളേജുകൾ തുടങ്ങിയവ സെന്റേഴ്സ് ഓഫ് എക്സലൻസായി വികസിപ്പിക്കും എന്നു പറഞ്ഞിരുന്നു. ഇന്റഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാം, പാരാമെഡിക്കൽ കൗൺസിൽ, പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ, ഹാർട്ട് ഫൗണ്ടേഷൻ, ലോകബാങ്ക് സഹായത്തോടെയുള്ള ആരോഗ്യ പരിരക്ഷാ പദ്ധതി, മലബാറിലുള്ള ആയുർവ്വേദ പാർക്ക്, മലബാറിലുള്ള ഐ.വി. ഫ്ലൂയിഡ് നിർമ്മാണ ഫാക്ടറി ഇങ്ങനെയുള്ള അനേകം കാര്യങ്ങൾ പറഞ്ഞിരുന്നു. ഇത്തരത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: പ്രഖ്യാപിക്കപ്പെട്ട പദ്ധതികളൊക്കെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് നടപ്പാക്കണമെന്നുതന്നെയാണ് ഗവണ്മെന്റിന്റെ നിലപാട്. അവ നടപ്പാക്കും. ഞാൻ അങ്ങനെ ഒരു ഹെൽപ് ലെസ് ഒന്നുമല്ല. ആ അഭിപ്രായം ജനങ്ങൾക്കില്ല. പിന്നെ എന്താണ് ചെയ്യുക?

(2) കൊച്ചി നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

ശ്രീ. കെ. ബാബു: സർ, കൊച്ചി നഗരത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. കൊച്ചി നഗരത്തിൽ ഇപ്പോൾത്തന്നെ വളരെയേറെ ശ്വാസംമുട്ട് അനുഭവിക്കുന്നുണ്ട്. ഇപ്പോൾ അവിടെ ആരംഭിക്കുന്ന വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള സ്പെഷ്യൽ എക്കണോമിക് സോൺ, സ്മാർട്ട് സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ വരുമ്പോൾ അവിടത്തെ അടിസ്ഥാന പ്രശ്നങ്ങൾ വളരെ അപര്യാപ്തമാകുകയാണ്. ഞാനും കൊച്ചിയെ പ്രതിനിധീകരിക്കുന്ന മറ്റ് എം.എൽ.എ.മാരും ഈ നിയമസഭയിൽ പല പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചതനുസരിച്ച് ഗവണ്മെന്റ് അത് രൂപീകരിച്ചു. ഞാൻ മനസ്സിലാക്കിയതനുസരിച്ച് മുൻ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബ്ബിനെ ഇതിനെക്കുറിച്ച് പഠിക്കാൻ നിയോഗിക്കുകയും ചെയ്തു. അദ്ദേഹം കൊച്ചിയിലെ പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് 50 പേജുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് ഗവണ്മെന്റിന് കിട്ടിക്കാണുമെന്ന് കരുതുന്നു. കൊച്ചിയിലെ ട്രാൻസ്പോർട്ട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്, ഡ്രിങ്കിംഗ് വാട്ടർ ഡിസ്ട്രിബ്യൂഷൻ, സിവറേജ് ഡ്രെയിനേജ്, സോളിഡ് വേസ്റ്റ് കളക്ഷൻ ആന്റ് ഡിസ്പോസൽ, എന്റർട്ടെയിൻമെന്റ് ഹാബിറ്റാറ്റ് കൺസർവേഷൻ പ്രോജക്ട്സ് എന്നിങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ മേഖലകളിലായി അത്യാവശ്യം ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ചാണ് ആ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കൊച്ചിയിലെ റോഡുകൾ വളരെയേറെ ഇടുങ്ങിയതാണ്. ഈ വികസന പ്രവർത്തനങ്ങൾ വരുന്നതിനുമുമ്പ് അവിടത്തെ റോഡുകൾ വികസിപ്പിക്കേണ്ടതാണ്. ഇപ്പോഴുള്ള റോഡുകൾ 4 നിരയായും 4 നിരയായുള്ളവ ആറും എട്ടും നിരകളായും ഉയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൊച്ചിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൊച്ചി-മധുര ഹൈവേയുടെ അലൈൻമെന്റ് ഉടനെ നിശ്ചയിക്കണം. അതുപോലെ ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പാലാരിവട്ടത്തുനിന്ന് കോതമംഗലത്തേക്ക് തൃക്കാക്കരവഴിയുള്ള പുതിയ റോഡ് വികസിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്; മുനമ്പം-മാലിയങ്കര റോഡ് വികസിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്; കൊച്ചിയിലെ തന്നെ നഗരത്തിനകത്തുള്ള പല റോഡുകളും വികസിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുണ്ട്. അതിൽ 16 inner city road corridors are listed. കൊച്ചി നഗരത്തിലെ ഇപ്പോൾത്തന്നെയുള്ള റോഡുകൾ വികസിപ്പിക്കുന്നതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പച്ചാളം-പുല്ലേപ്പടി കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ്, റെയിൽവേ ഓവർബ്രിഡ്ജ് എന്നിവ നിർമ്മിക്കുന്നതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇടപ്പള്ളി-പാലാരിവട്ടം-വൈറ്റില-കുണ്ടന്നൂർ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളുണ്ട്. കൊച്ചി നഗരത്തിലെ സീപോർട്ട് എയർപോർട്ട് റോഡ് കളമശ്ശേരിയിൽനിന്ന് അങ്കമാലിവരെ എക്സ്റ്റന്റ് ചെയ്യുന്നതിനെക്കുറിച്ചും തമ്പലം-പുല്ലേപ്പടി റോഡ്, സീപോർട്ട് എയർപോർട്ടുമായി ബന്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും ഏറ്റുമാനൂർ-എറണാകുളം റോഡിലെ വൈറ്റിലപേട്ട റോഡ് വികസിപ്പിക്കുന്നതിനെക്കുറിച്ചുമെല്ലാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുപോലെ കുടിവെള്ളത്തിന്റെ പ്രശ്നം. കൊച്ചി നഗരത്തിൽ ഇപ്പോൾ വിശാല കൊച്ചി പ്രദേശത്താകെ വിതരണം ചെയ്യുന്നത് 225 എം.എൽ.ഡി. വെള്ളമാണ്. കൊച്ചി നഗരത്തിൽ 2020 ആകുമ്പോഴേക്കും ഏകദേശം 500-520 എം.എൽ.ഡി. വെള്ളം വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന് പരിഹാരമായി മൂന്ന് പദ്ധതികൾ കൊച്ചി നഗരത്തിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ഹഡ്കോ പദ്ധതിയുടെ വൈപ്പിൻ കമ്പോണന്റ് പൂർത്തിയാക്കിയെങ്കിലും ബാക്കി ഭാഗം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 1995-ൽ ആരംഭിച്ച ഹഡ്കോ പദ്ധതി നടപ്പാക്കുന്നതിന് ഇപ്പോൾ തടസ്സമുള്ളത് ഏഴര കിലോമീറ്റർ പുതിയതായി പൈപ്പ് സ്ഥാപിക്കുന്ന പ്രശ്നമാണ്. എനിക്ക് നിർദ്ദേശിക്കാനുള്ളത് ടെന്റർ നടപടികളെല്ലാം ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയിൽനിന്ന് നേരിട്ട് പൈപ്പ് വാങ്ങി ടെന്റർ നടപടികളുടെ കാലതാമസം ഒഴിവാക്കി ഹഡ്കോ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കൽ ഉടൻ ചെയ്യണമെന്നാണ്. അതുപോലെ ചൊവ്വര പദ്ധതിയും തൃപ്പൂണിത്തുറ പദ്ധതിയും കുറേഭാഗം ടെന്റർ ചെയ്തു. ചൊവ്വര പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് പദ്ധതിയും പൂർത്തിയാക്കുന്നതോടൊപ്പം മൂവാറ്റുപുഴ ആറിൽനിന്നും വെള്ളമെടുത്ത് ഹഡ്കോ, ഗോശ്രീ പദ്ധതി തുടങ്ങിയവയുടെ സഹായത്തോടുകൂടി 100 എം.എൽ.ഡി. വെള്ളം വിതരണം ചെയ്യുന്നതിന് ആലോചനയുണ്ട്. പുതിയ വ്യവസായ സ്ഥാപനങ്ങളെല്ലാം വരികയും ജനസംഖ്യ വർദ്ധിക്കുകയും ചെയ്യുന്നതിനനുസരിച്ച് കൊച്ചി നഗരത്തിൽ ഒരു ലിറ്റർ വെള്ളം പോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. അവിടത്തെ വ്യവസായ ആവശ്യം കൂടി പരിഗണിച്ചുകൊണ്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുകയും 100 എം.എൽ.ഡി. വെള്ളം ഉപയോഗിക്കുന്നതിനുള്ള മൂവാറ്റുപുഴ-ആറൻമുള പദ്ധതിക്ക് വേഗത്തിൽ ഭരണാനുമതി നൽകുകയും ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. സിവറേജിന്റെ കാര്യത്തിൽ കൊച്ചി നഗരത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പെർമിഷൻ കൊടുക്കുന്നതിനെ ആ ഘട്ടത്തിൽ ഹൈക്കോടതി വിലക്കിയിരുന്നു. അവിടെ നാല് സ്കയർ കിലോമീറ്റർ പ്രദേശങ്ങളിലാണ് സിവറേജുള്ളത്. കൊച്ചി നഗരത്തിന്റെ 10 ശതമാനം പ്രദേശങ്ങളിൽ പോലും സിവറേജ് പദ്ധതിയില്ല. 1966-ൽ ആരംഭിച്ച സിവറേജ് പദ്ധതി ഇപ്പോഴും ആരംഭിച്ചയിടത്ത് തന്നെ നിൽക്കുകയാണ്. ബോംബെ നഗരത്തിൽ പ്രിലിമിനറി ട്രീറ്റ്മെന്റ് നടത്തി മുന്ന് കിലോമീറ്റർ ആഴക്കടലിൽ ഈ മാലിന്യങ്ങൾ കൊണ്ടുവന്ന് അടിച്ചുകളയുന്ന ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. ബോംബെ നഗരത്തിൽ നടപ്പിലാക്കിയിട്ടുള്ള 'സിവറേജ് ഡിസ്പോസൽ ടു മറൈൻ വാട്ടർ' എന്ന പദ്ധതി കൊച്ചി നഗരത്തിൽ കൂടി നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മഴ പെയ്താൽ കൊച്ചി നഗരം മുങ്ങുകയാണ്. അതുകൊണ്ട് കൊച്ചി നഗരത്തിൽ ഡ്രെയിനേജ് സംവിധാനം കൂടുതൽ ഏർപ്പെടുത്തേണ്ടതുണ്ട്. നഗരത്തിലെ തിരക്ക് കുറയ്ക്കാൻവേണ്ടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ബൈപാസിലേക്ക് മാറ്റണമെന്നുള്ള നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ മെട്രോ റെയിൽവേ അതിന്റെ പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. മെട്രോ റെയിൽവേ പൂർത്തിയാക്കുന്നതിനെക്കുറിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഇടപ്പള്ളിയിലും തൃപ്പൂണിത്തുറയിലും നിലവിലുള്ള പുതിയ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിലൂടെ കൊച്ചി നഗരത്തിൽ തിരക്ക് കുറയ്ക്കാൻ കഴിയും. കൊച്ചി നഗരത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ അടിയന്തിരമായി നിറവേറ്റുന്നതിന് ബാബു ജേക്കബ്ബ് കമ്മിറ്റിയുടെ ശുപാർശകളും ഗവൺമെന്റിന്റെ മുൻപിൽ നിലവിലുള്ള മറ്റ് വികസന പ്രവർത്തനങ്ങളും പരിഗണിക്കണം. കൊച്ചി നഗരത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം. ഈ സ്കീമുകൾക്കെല്ലാം പണം കണ്ടെത്തുവാനുള്ള നടപടികളും ആ സ്കീമുകൾക്ക് ഭരണാനുമതി നൽകുവാനുള്ള തീരുമാനവും അടിയന്തിരമായി ഉണ്ടാകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* കൊച്ചിയുടെ വികസന സാധ്യതകൾ മനസ്സിലാക്കുമ്പോൾ ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. ഇന്ന് കേരളത്തിൽ മാത്രമല്ല ഇൻഡ്യയിൽത്തന്നെ അടുത്ത പത്ത് വർഷക്കാലം ഏറ്റവും കൂടുതൽ വികസനം ഉണ്ടാകാൻ പോകുന്ന പ്രദേശം കൊച്ചിയാണ്. അതനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ ഇന്നുള്ള ബുദ്ധിമുട്ടുകൾ നാളെ പ്രതിസന്ധിയായി മാറുമെന്ന് അറിയാം. അതുകൊണ്ടാണ് കൃാപ്പിറ്റൽ ഇംപ്രൂവ്മെന്റ് പ്രോജക്ട് പോലെ, ഈ തലസ്ഥാന നഗരിക്കുവേണ്ടിയിട്ടുള്ള ഒരു സമിതിപോലെ കൊച്ചിക്ക് വേണ്ടി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സമിതി രൂപീകരിച്ചത്. അതുപോലെതന്നെ ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥരുടെ മറ്റൊരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൊച്ചിയുടെ സമഗ്രമായ വികസനത്തിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഒരു ഏജൻസിയെ ഏൽപ്പിക്കാൻവേണ്ടി ടെന്റർ ചെയ്തുകഴിഞ്ഞു. അത് ഏറ്റവും വേഗം ഏജൻസിയെ ഏൽപ്പിച്ച് ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം അതിന്റെ നടപടിക്രമങ്ങൾ ഓരോ കാര്യത്തിനും സമയബന്ധിതമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. കൊച്ചിയുടേയും കൊച്ചിയുടെ സമീപ പ്രദേശങ്ങളുടേയും മൊത്തത്തിലുള്ള സമഗ്രമായിട്ടുള്ള വികസന പ്രശ്നമാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പല പ്രശ്നങ്ങൾ പറഞ്ഞു. ഏറ്റവും പ്രധാനപ്പെട്ടത് ഇവിടത്തെ ശുദ്ധജല വിതരണവും സിവറേജ് പ്രശ്നവുമാണ്. കുടിവെള്ളത്തിനുവേണ്ടി ഇന്ന് നിലവിലുള്ള പദ്ധതിയുടെ കാര്യം പറഞ്ഞു. ഹഡ്കോ വളരെ വർഷങ്ങളെടുത്തിട്ടും അത് പൂർത്തിയാകാതിരുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കുറേക്കൂടി വികസനം മുന്നിൽ കണ്ടുകൊണ്ട് ആവശ്യമായിട്ടുള്ള നടപടികൾകൂടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. അതുപോലെ തന്നെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി വടവ്കോട്-പുത്തൻകുരിശ് പഞ്ചായത്തിൽ 37 ഏക്കർ സ്ഥലംകൂടി നഗരസഭ വാങ്ങുകയാണ്. ഇവിടെ 19.637 കോടി രൂപ ചെലവ് വരുന്ന ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് Andhra Pradesh Technology Promotion Centre എന്ന സ്ഥാപനവുമായി കൊച്ചി നഗരസഭ 25-7-2005-ൽ ധാരണാപത്രം ഒപ്പു വച്ചുകഴിഞ്ഞു. ഡ്രെയിനേജ് പ്രശ്നം പരിഹരിക്കാനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് തത്വത്തിൽ അംഗീകരിക്കുകയാണ്. അതുകൊണ്ട് ഡീറ്റെയിൽഡായ ഒരു ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ ഡൽഹിയിലുള്ള "മെട്രോ റെയിൽ"-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ഇ.

11.00 A.M.] ശ്രീധരന്റെ നേതൃത്വത്തിലുള്ള ഫീസിബിലിറ്റി റിപ്പോർട്ട് ഗവൺമെന്റിന് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് എത്രയും വേഗം ഒരു തീരുമാനം എടുക്കുന്നതാണ്. അതുപോലെ സിറ്റിയിലെ ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി 149.35 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള എ.പി.ഡി.ആർ.പി. (Accelerated Power Development and Reforms Programme) സ്കീമിൽ അനുവദിച്ച് അതിന്റെ നടപടികൾ മുന്നോട്ടു നീക്കുകയാണ്.

കൊച്ചിയുടെ വികസനത്തെക്കുറിച്ച് ഗവൺമെന്റിന് വ്യക്തമായ ധാരണയുണ്ട്. സമയബന്ധിത നടപടികളുമായി മുന്നോട്ടുപോകാൻ ശ്രമിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ മറ്റ് നിർദ്ദേശങ്ങളും യഥാസമയം പരിഗണിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ബാബു: അങ്ങ് പ്രഖ്യാപിച്ച, അല്ലെങ്കിൽ ഇവിടെ അത്യാവശ്യം നടപ്പിലാക്കേണ്ടതായി കണ്ടെത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ഭരണാനുമതി നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഉടൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; അതിന് എങ്ങനെ പണം കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇലക്ട്രിസിറ്റിയുടെ ഫണ്ടിനെക്കുറിച്ച് ഞാൻ പറഞ്ഞു. 149 കോടി രൂപ. അത് കേന്ദ്ര ഗവൺമെന്റിന്റെകൂടി സ്കീമിൽപ്പെടുത്തിയിട്ടുള്ള ഫണ്ടാണ്. ഒരുമാലിന്യത്തിന് 19.63 കോടി രൂപ. കൊച്ചി നഗരസഭയാണ് ഇതിന്റെ തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുപോലെ തന്നെ മറ്റ് പദ്ധതികൾ ഡി.പി.ആർ. വന്നശേഷം അതിന്റെ സമഗ്രമായ വികസനത്തിനുള്ളതുകൂടി നോക്കിയാണ് തീരുമാനിക്കാൻ വച്ചിട്ടുള്ളത്. അതുകൊണ്ട് ഓരോ പ്രോജക്ടിനും അതിന്റേതായിട്ടുള്ള ഫണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും Urban Sustainable Project-കളിൽ നിന്നും കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൊച്ചിയുടെ വികസനത്തിന് ഫണ്ട് ഒരു തടസ്സമാകാത്ത വിധത്തിൽ പല ഏജൻസികളുമായി ഇതിനകം തന്നെ ബന്ധപ്പെട്ടിട്ടുണ്ട്. അതിനാൽ ഫണ്ട് തടസ്സമാകുമെന്ന് കരുതേണ്ടതില്ല. പക്ഷേ നമുക്ക് ഏറ്റവും ഉതകുന്ന രീതിയിലുള്ള പ്രോജക്ടുകളും അതിന്റെ ഫലപ്രദമായ ഇംപ്ലിമെന്റേഷനുമാണ് ആവശ്യമായിട്ടുള്ളത്. അതാണ് ഗവൺമെന്റ് ലക്ഷ്യമാക്കിക്കൊണ്ടിരിക്കുന്നത്.

VI. സബ്മിഷൻ

(1) ജലസേചന-പൊതുമരാമത്ത് വകുപ്പുകളിലെ സി.എൽ.ആർ.-എച്ച്.ആർ. വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാനത്തെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലും പി.ഡബ്ളിയു.ഡി.യിലും ജോലി ചെയ്യുന്ന എച്ച്. ആർ.സി., എൽ. ആർ. ജീവനക്കാരെ എസ്.എൽ.ആർ. ആക്കി മാറ്റണമെന്നുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അത് ക്യാബിനറ്റിൽ വന്നതാണ്. അവരുടെ എണ്ണം കൂടിയതുകൊണ്ട് കൂടുതൽ പേർക്ക് അതിന്റെ ആനുകൂല്യങ്ങൾ കൊടുക്കേണ്ടിവരും, വളരെയധികം സാമ്പത്തിക ബാധ്യത വരും എന്നതിന്റെ അടിസ്ഥാനത്തിലാണ് അത് റിജക്ട് ചെയ്തതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതിന്റെ പുനഃപരിശോധനയ്ക്ക് മറ്റൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുകയാണ്. 500 പ്രവൃത്തി ദിവസങ്ങൾ ഉള്ളവരെ ഗ്രേഡ് II ആയും 180 ദിവസം ഉള്ളവരെ എസ്.എൽ.ആർ. ആയുമാണ് അതിൽ പ്രൊപ്പോസ് ചെയ്തിരുന്നത്. എല്ലാവരേയും എസ്.എൽ.ആർ. ആക്കാൻ കഴിയുന്ന ഒരു പുനർചിന്ത ഉണ്ടാകണമെന്നാണ് എന്റെ ഇപ്പോഴുള്ള നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly